# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*

No.155/PR/PIC/PHQ/17 8                                                                Date : 21.06.2018

---

## യോഗദിനാചരണം: പോലീസ് വിവിധ പരിപാടികൾ സംഘടിപ്പിച്ചു

നാലാമത് അന്താരാഷ്ട്ര യോഗ ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നിർദ്ദേശപ്രകാരം കേരളാ പോലീസ് സംസ്ഥാനവ്യാപകമായി വിവിധ യോഗ പരിപാടികൾ സംഘടിപ്പിച്ചു. എല്ലാ ജില്ലകളിലും വിവിധ യൂണിറ്റുകളിലും ഇതിന്റെ ഭാഗമായി യോഗാഭ്യാസ പരിപാടികൾ നടന്നു. കേന്ദ്ര ആയുഷ് മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള യോഗ പ്രോട്ടോക്കോളിലെ നിർദ്ദേശപ്രകാരമാണ് യോഗ പരിപാടികൾ സംഘടിപ്പിച്ചത്.

തിരുവനന്തപുരത്ത് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ബാസ്കറ്റ് ബോൾ കോർട്ട്, ഭാഗ്യമാല ഹാൾ, ഒളിമ്പ്യ ഹാൾ എന്നിവിടങ്ങളിൽ വച്ച് രാവിലെ 7.00 മണിക്ക് നടന്ന സംസ്ഥാനതല ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ, ദക്ഷിണ മേഖല എ.ഡി.ജി.പി അനിൽ കാന്ത്, റോഡ് സേഫ്റ്റി കമ്മീഷണർ നിതിൻ അഗർവാൾ, ഹെഡ്ക്വാർട്ടേഴ്സ് ഐ.ജി. ദിനേന്ദ്ര കശ്യപ്, ഹെഡ്ക്വാർട്ടേഴ്സ് ഡി.ഐ.ജി സേതുരാമൻ മറ്റു ഉന്നത പോലീസ് ഉദ്യോഗസ്ഥർ, കമാൻഡോ വിഭാഗം, ആംഡ് പോലീസ് ബറ്റാലിയൻ സേനാംഗങ്ങളുൾപ്പെടെയുള്ള സേനാംഗങ്ങൾ, മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. സ്മിതാ അഗർവാൾ യോഗാഭ്യാസത്തിനു നേതൃത്വം നൽകുകി. വിവിധ ജില്ലകളിലെ പരിപാടികൾക്ക് അതാത് ജില്ലാ പോലീസ് മേധാവിമാർ നേതൃത്വം നൽകി.

*****